മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 18

## വാർത്താക്കുറിപ്പ്

# തദ്ദേശ സ്ഥാപനങ്ങളുടെ റാങ്കിംഗ്; ജാഗ്രതാ സമിതികളുടെ പ്രവർത്തനവും പരിഗണിക്കുമെന്ന് മന്ത്രി എം. ബി. രാജേഷ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ റാങ്കിംഗ് ഏർപ്പെടുത്തുമെന്നും പരിഗണനാ മാനദണ്ഡങ്ങളിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനവും ഉൾപ്പെടുത്തുമെന്നും തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ് പറഞ്ഞു.

ജാഗ്രതാ സമിതി; അറിവും അനുഭവങ്ങളും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷനും (ഐ.യു.സി.എസ്.എസ്.ആർ.ഇ) കിലയും സംയുകതമായി കുമളി വൈ. എം. സി എ. കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജാഗ്രതാ സമിതികൾ വിവിധ തലങ്ങളിൽ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. ജാഗ്രതാ സമിതികൾ കേവലം ഒത്തുതീർപ്പ സംവിധാനങ്ങൾ മാത്രമായല്ല പ്രവർത്തിക്കേണ്ടത്. ക്രിമിനൽ സ്വഭാവമുള്ള കേസുകൾ നിയമ നടപടിക്കായി ബന്ധപ്പെട്ട ഏജൻസികളുടെ ശ്രദ്ധയിൽ പെടുത്തണം. ജനാധിപത്യത്തിൻറെ വളർച്ചയിൽ പ്രാദേശിക തലത്തിലെ സ്ത്രീ ശാക്തീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു- മന്ത്രി പറഞ്ഞു.

കാൽനൂറ്റാണ്ടിനുള്ളിൽ കേരളത്തിലെ പഞ്ചായത്ത്രാജ് സംവിധാനങ്ങളിലുണ്ടായ മാറ്റങ്ങൾ സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തവും സാമൂഹിക സാന്നിധ്യവും ഊർജ്ജിതമാക്കിയെന്ന് കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പറഞ്ഞു. കുടുംബശ്രീ ഉൾപ്പടെയുള്ള കൂട്ടായ്മകൾ ഈ ശാക്തീകരണ പ്രക്രിയയ്ക്ക് ഊർജ്ജം പകർന്നു. ഇതിൻറെ തുടർപ്രവർത്തനങ്ങളിൽ ജാഗ്രതാ സമിതികളുടെ പങ്ക് നിർണായകമാണ് -അദ്ദേഹം കൂട്ടിച്ചേർത്തു.

ഐ.യു.സി.എസ്.എസ്.ആർ.ഇ സമാഹരിച്ച ക്ലീൻ കുമളി ഗ്രീൻ കുമളി പദ്ധതി ഡോക്യുമെൻറേഷൻ റിപ്പോർട്ട് മന്ത്രി പ്രകാശനം ചെയ്തു. എം. ജി. സർവകലാശാല പ്രൊ വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ അധ്യക്ഷനായിരുന്നു.

ഡീൻ കുര്യാക്കോസ് എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജിജി കെ. ഫിലിപ്പ്, അഴുത ബ്ലോക്ക് പ്രസിഡൻറ് പി. എം. നൗഷാദ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സി. ഇ. ഒ ശ്രീ മദൻ മോഹൻ, കുമളി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശാന്തി ഷാജിമോൻ, എം. എസ്. വാസു, ഡോ. കെ. പി. എൻ. അമൃത, ഐ.യു.സി.എസ്.എസ്ആർ.ഇ ഡയറക്ടർ ഡോ. കെ.എം. സീതി തുടങ്ങിയവർ സംസാരിച്ചു.

എലിസബത്ത് എബ്രഹാം, ഡോ. അമൃത് രാജ്, രാധാമണി, അഡ്വ സി.എസ്. കല, രശ്മി, സാബു തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ.ഒ./39/1639/2022)

## ഗസ്റ്റ് അധ്യാപിക; കരാർ നിയമനം

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട് സ് സയൻസിൽ വനിതാ ഗസ്റ്റ് അധ്യാപക തസ്തികയിൽ താൽക്കാലിക കരാർ (ഓപ്പൺ) നിയമനത്തിനുള്ള വാക് -ഇൻ -ഇൻറർവ്യൂ നവംബർ 21 ന് ഉച്ചയ്ക്ക് 12ന് നടക്കും.

യോഗ്യരായവർ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ രാവിലെ 11നു മുൻപ് എത്തണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1640/2022)

## മാറ്റിവച്ച എൽ.എൽ.ബി. പരീക്ഷകൾ ജനുവരി നാലു മുതൽ

മഹാത്മാഗാന്ധി സർവകലാശാല നവംബർ എട്ടാം തീയതി തുടങ്ങാനിരുന്ന വിവിധ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളുടെ നാലാം സെമസ്റ്റർ പരീക്ഷകൾ ജനുവരി നാലിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1641/2022)

## പരീക്ഷകൾക്ക് അപേക്ഷ നൽകാം

ഡിസംബർ 14 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2021 അഡ്മിഷൻ റഗുലർ, 2016 മുതൽ 2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഡിസംബർ ഒന്നു വരെ അപേക്ഷ നൽകാം. പിഴയോടു കൂടി ഡിസംബർ രണ്ടിനും സൂപ്പർഫൈനോടു കൂടി ഡിസംബർ മൂന്നിനും അപേക്ഷ സ്വീകരിക്കും.

..................

അഫിലിയേറ്റഡ് കോളേജുകളുടെ വിവിധ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളുടെ ആറാം സെമസ്റ്റർ പരീക്ഷകൾക്ക് ഡിസംബർ ഏഴ് വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ഡിസംബർ എട്ടിനും സൂപ്പർഫോനോടു കൂടി ഡിസംബർ ഒൻപതിനും അപേക്ഷ സ്വീകരിക്കും. വിദ്യാർഥികൾ ഒരു പേപ്പറിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ./39/1642/2022)

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ ത്രിവത്സര വിവിധ എൽ.എൽ.ബി. പരീക്ഷകൾ നവംബർ 21 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...............

രണ്ടാം സെമസ്റ്റർ എം.എൽ.ഐ.ബി.ഐ.എസ്.സി. (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ നവംബർ 28 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

............................

അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ്, 2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഡിസംബർ 2022) ബിരുദ പരീക്ഷകൾ ഡിസംബർ ആറിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1643/2022)

## പരീക്ഷാ ഫലം

ഈ വർഷം ജൂലൈയിൽ നടത്തിയ മൂന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ഒരു പേപ്പറിന് 170 രൂപ നിരക്കിലുള്ള ഫീസ് സഹിതം ഓൺലൈനിൽ അപേക്ഷിക്കാം.

................................

എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ മൂന്നിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1644/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**